# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4410 — 17/05/2017-ൽ മറുപടിക്ക്

## ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | എ) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിവിധ സർക്കാർ ഏജൻസികൾ പഠിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ട്. പ്രവർത്തനം കാര്യക്ഷമമല്ല എന്ന തരത്തിലുള്ള ആക്ഷേപങ്ങളൊന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം അവലോകനങ്ങളിലും, റിപ്പോർട്ടുകളിലും പ്രവർത്തനം മെച്ചപ്പെടുത്താൻ നൽകുന്ന ശുപാർശകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് പ്രാവർത്തികമാക്കുന്നുണ്ട്. ഇത്തരത്തിൽ നിലവിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭ്യമാക്കൽ, നൂതനമായ ടെസ്റ്റിംഗ് ഉപകരണങ്ങൾ സജ്ജീകരിക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉപഭോക്താവിന് ലളിതമായും സുതാര്യമായും ലൈസൻസ് അനുവദിക്കുന്നതിന് അനുയോജ്യമായ രീതിയിൽ നാഷണൽ ഇൻഫോമാറ്റിക് സെന്റർ രൂപകല്പന ചെയ്തിട്ടുള്ള എക്സ്.എൽ.എൻ എന്ന ഓൺലൈൻ സോഫ്റ്റ്വെയർ പ്രവർത്തന സജ്ജമായിട്ടുണ്ട്. സംസ്ഥാനത്തെ ഇരുപതിനായിരത്തോളം മൊത്ത ചില്ലറ മരുന്ന് വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസുകൾ അനുവദിച്ചുകൊണ്ടും, ഔഷധ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടും, ഡ്രഗ്സ് കൺട്രോൾ |

➡

വകുപ്പിലെ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ബി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിലേറെയും ഗുണനിലവാരമില്ലാത്തവയാണെന്നും ഗുണനിലവാരം പരിശോധിക്കാൻ ആവശ്യത്തിനു ഉദ്യോഗസ്ഥരില്ല എന്നുള്ളതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിക്കും എന്നറിയിക്കാമോ;

ബി ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിലേറെയും ഗുണനിലവാരമില്ലാത്തതാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. വിപണിയിൽ ലഭ്യമായിട്ടുള്ള മരുന്നുകൾ എല്ലാം തന്നെ അതത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ് നിർമ്മിക്കുന്നത്. ഓരോ ബാച്ച് മരുന്നുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ തന്നെ കർശന ഗുണനിലവാരം ഉറപ്പു വരുത്തിയതിനു ശേഷമാണ് വിൽപ്പനയ്ക്ക്/ വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്. ഇപ്രകാരം എത്തുന്ന മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിലുടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗം ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിക്കുകയും പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പ്രസ്തുത ലാബുകളിൽ നിശ്ചിതയോഗ്യതയുള്ള അസിസ്റ്റന്റ് ഗ്രേഡ്-III സാമ്പിളുകൾ പരിശോധിക്കുകയും റിപ്പോർട്ട് സൂപ്പർവൈസറി പോസ്റ്റിലുള്ള അനലിസ്റ്റ് ഗ്രേഡ് - II ന് സമർപ്പിക്കുകയും ചെയ്യുന്നു. അനലിസ്റ്റ് ഗ്രേഡ് - II റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് നിയമപ്രകാരമുള്ള ടെസ്റ്റുകളെല്ലാം തന്നെ യഥാവിധി ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തി ഗവൺമെന്റ് അനലിസ്റ്റിന് സമർപ്പിക്കുകയും ഗവൺമെന്റ് അനലിസ്റ്റ് അവ വീണ്ടും പരിശോധിച്ച് മരുന്നിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതാണ് പരിശോധനാ രീതി.

നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്ന മരുന്ന് പരിശോധനാ ലാബുകളിൽ മരുന്ന് സാമ്പിളുകൾ ഇപ്രകാരം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. പരിശോധനാ-

സംവിധാനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, കോന്നി എന്നിവിടങ്ങളിലും പുതിയ ലാബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. എല്ലാ ലാബുകളും പ്രവർത്തന സജ്ജമാകുന്നമുറയ്ക്ക് ടെസ്റ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനക്ഷമതയിൽ ഗണ്യമായ പുരോഗമനം ഉണ്ടാകുന്നതാണ്. മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം വളരെയേറെ മുന്നിലാണ്. രാജ്യത്ത് വിതരണം ചെയ്യപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ് 2014-2016 കാലയളവിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം കേരള സംസ്ഥാനത്ത് വ്യാജ മരുന്നുകളൊന്നും തന്നെയില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സി)** സംസ്ഥാനത്ത് ഇന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളിൽ സർക്കാർ എത്ര മാസം കൂടുമ്പോഴാണ് പരിശോധന നടത്തുന്നത്; കൃത്രിമം കാണിച്ച ഷോപ്പുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഷോപ്പുകളിൽ മേൽ നടപടി സ്വീകരിച്ചു?

**സി)** ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്നതും ഔഷധ വില്പനയ്ക്കായി ലൈസൻസ് അനുവദിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾ ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് പ്രകാരം വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും പരിശോധിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15923 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 484 സ്ഥാപനങ്ങളുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**